# പതിനാലാം കേരള നിയമസഭ

## എഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2764 18.08.2017-ൽ മറുപടിക്ക്

### ഹയർസെക്കണ്ടറി മേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഹയർസെക്കണ്ടറി മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ)<br>& | ഹയർ സെക്കന്ററി മേഖലയിൽ മുൻ സർക്കാർ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകൾക്കും ബാച്ചുകൾക്കും അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2014-15 അധ്യയന വർഷം പുതുതായി അനുവദിച്ച സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും, ബാച്ചുകളിലും 24.06.2017-ലെ സ.ഉ(കൈ) നം.61/17/പൊവി നം. പ്രകാരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 2014-15 അധ്യയന വർഷം അനുവദിച്ച പുതിയ ഹയർ സെക്കന്ററി സ്കൂളുകളിലും ബാച്ചുകളിലും തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പല സർക്കാർ / എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപക തസ്തികകൾ ഇല്ലാത്തത് പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നുള്ള കാര്യം പരിശോധിക്കാമോ; | (ബി)<br>& | |
| (സി) അദ്ധ്യാപക തസ്തിക ക്രിയേറ്റ് ചെയ്യുന്ന ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (സി)<br>& | |
| (ഡി) ഹയർസെക്കണ്ടറി മേഖലയിൽ സ്ഥിരമായി അദ്ധ്യാപകരില്ലാത്ത പ്രശ്നം കുട്ടികളെയും രക്ഷിതാക്കളെയും ആശങ്കയിലാക്കുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കാമോ; തസ്തിക അനുവദിച്ചുകൊണ്ടുള്ള ഫയലിൽ ഉടൻ ഉത്തരവ് ഇറക്കാമോ? | (ഡി) | |

സെക്ഷൻ ഓഫീസർ.